# മരിയൻ ദൂത്

St. Mary's Knanaya Catholic Parish of Chicago

**Vol XV - Issue 040** November 2, 2025 www.smkcparish.us | (847) 583 2910 | skmudakodi@gmail.com | 7800 Lyons st, Morton Grove, IL-60053




# സകല വിശുദ്ധരുടെയും തിരുനാൾ ചിന്തകൾ



യേശുവിന് തന്റെ രാജ്യം സ്ഥാപിക്കാൻ സൂപ്പർ സ്റ്റാറുകളെയല്ല ആവശ്യം, മറിച്ച് സുവിശേഷം ജീവിക്കുന്ന അനുയായികളെയാണ്. സുവിശേഷത്തിന് ജീവിതംകൊണ്ട് നിറംപകർന്നവരാണ് കത്തോലിക്കാ സഭയിലെ വിശുദ്ധർ. ഓരോ വിശ്വാസിയുടെ ലക്ഷ്യവും യേശുവിന്റെ സുവിശേഷം ജീവിച്ച് വിശുദ്ധിയിൽ എത്തിച്ചേരുകയാണ്.

സകല വിശുദ്ധരുടെയും തിരുനാൾദിനം പുണ്യവാന്മാരുടെ ഐക്യം (The Communion of Saints) എന്ന സഭാപ്രബോധനത്തിൽ അധിഷ്ഠിതമാണ്. കത്തോലിക്കാ സഭയുടെ പഠനമനുസരിച്ച്, സ്വർഗത്തിലും ഭൂമിയിലും ശുദ്ധീകരണസ്ഥലത്തുമുള്ള ദൈവത്തിന്റെ ജനങ്ങൾ ആത്മീയമായി ബന്ധപ്പെട്ടും ഐക്യപ്പെട്ടുമാണ് ജീവിക്കുന്നത്. കത്തോലിക്കാ സഭയുടെയും ഓർത്തഡോക്സ് സഭകളുടെയും വിശ്വാസത്തിൽ, ദൈവത്തിന്റെ വിശുദ്ധർ ഭൂമിയിൽ ജീവിക്കുന്നവരെപ്പോലെ നമുക്കുവേണ്ടി ദൈവത്തിന്റെ പക്കൽ നിരന്തരം നമുക്കു വേണ്ടി മാധ്യസ്ഥ്യം യാചിക്കുന്നു. സ്വർഗത്തിലെ വിശുദ്ധരുമായുള്ള നമ്മുടെ ബന്ധം ഗാഢമായ ഈ ഐക്യത്തിൽ അടിസ്ഥാനമിട്ടതാണ്. വിശുദ്ധർ ഒരിക്കലും ദൈവത്തെപ്പോലെ അതിപരിശുദ്ധരോ, സർവവ്യാപികളോ, സർവ്വജ്ഞാനികളോ അല്ല. എന്നിരുന്നാലും ക്രിസ്തുവിലൂടെയും ക്രിസ്തുവുമായുള്ള നമ്മുടെ ഐക്യംവഴി നമ്മുടെ പ്രാർഥനകൾ സ്വർഗത്തിലുള്ള വിശുദ്ധ സമൂഹവുമായി ഒന്നിച്ചുചേരുന്നു.

ജറുസലേമിലെ വി. സിറിൽ ഇപ്രകാരമാണ് ഇതിനെപ്പറ്റി സാക്ഷ്യപ്പെടുത്തുന്നത്: "മരണമടഞ്ഞവരെ നമ്മൾ ഇവിടെ ഓർക്കുന്നു. ആദ്യം പാത്രിയർക്കീസുമാരെയും പ്രവാചകന്മാരെയും അപ്പസ്തോലന്മാരെയും രക്തസാക്ഷികളെയും അവരുടെ പ്രാർഥനകളാലും യാചനകളാലും ദൈവം നമ്മുടെ അപേക്ഷകൾ സ്വീകരിക്കും" (മതബോധന പ്രബോധനം 23:9). കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം വിശ്വാസികളും വിശുദ്ധരും തമ്മിലുള്ള ബന്ധത്തെപ്പറ്റി പഠിപ്പിക്കുന്നത് ഇപ്രകാരമാണ്: "സ്വർഗത്തിൽ ക്രിസ്തുവിനോട് കൂടുതൽ ഐക്യപ്പെട്ടിരിക്കുന്നതുകൊണ്ട് സഭയെ മുഴുവനും കൂടുതൽ ദൃഢമായി വിശുദ്ധിയിൽ ഉറപ്പിക്കുന്നു. ദൈവത്തിനും മനുഷ്യർക്കുമിടയ്ക്കുള്ള ഏകമധ്യസ്ഥനായ യേശുക്രിസ്തുവഴി അവർ നേടിയ യോഗ്യതകൾ പ്രദർശിപ്പിച്ചുകൊണ്ട് പിതാവിന്റെ പക്കൽ നമുക്കായി മാധ്യസ്ഥ്യംവഹിക്കുന്നതിൽ നിന്ന് അവർ വിരമിക്കുന്നില്ല (CCC 956).

വിശുദ്ധരുടെ ഐക്യത്തെകുറിച്ച് മതബോധനഗ്രന്ഥം ഇങ്ങനെ പറയുന്നു: "വിശുദ്ധരുമായുള്ള നമ്മുടെ സംസർഗം നമ്മെ ക്രിസ്തുവിനോടു ചേർക്കുന്നു. അവിടുന്നിൽ നിന്നാണ്, സ്രോതസ്സിൽനിന്നും ശിരസ്സിൽനിന്നും എന്നപോലെ എല്ലാ കൃപാവരങ്ങളും ദൈവജനത്തിന്റെ ജീവൻതന്നെയും പ്രവഹിക്കുന്നത്. ക്രിസ്തുവിനെ ദൈവത്തിന്റെ പുത്രൻ എന്ന നിലയിൽ നാം ആരാധിക്കുന്നു. കർത്താവിന്റെ ശിഷ്യന്മാരും അവിടുത്തെ അനുകരിക്കുന്നവരും എന്ന നിലയിൽ രക്തസാക്ഷികളെ അവർക്കു തങ്ങളുടെ രാജാവും നാഥനുമായിരുന്നവനോടുണ്ടായിരുന്ന അതുല്യമായ ഭക്തി മൂലം നാം സ്നേഹിക്കുന്നു. നമുക്കും അവരുടെ കൂട്ടുകാരും സഹശിഷ്യന്മാരുമാകാം" (CCC957).

# Church Schedule

### HOLY Qurbana in MALAYALAM

Sunday 8.:00 AM, 10: 00 AM & 5.30 PM
Monday - Friday 8:15 AM
Monday-Thursday 7:00PM
Saturday - 10:00AM

### HOLY QURBANA IN ENGLISH

Sunday - 11:40 AM
Friday - 6:00 PM

### NOVENA (AFTER HOLY QURBANA)

Tuesday: St. Anthony
Thursday: St.Jude
Saturday: Our Lady of Perpectual Help
1st Wednesday: St. Michael

### CONFESSION

Everyday before Holy Qurbana

### RELIGIOUS EDUCATION

Sunday: 10:00AM

### ADORATION CHAPEL

9:00AM - 9:00 PM




## Liturgical Bible Readings

**പള്ളിക്കൂദാശ ഒന്നാം ഞായർ**

**Scripture Reading:**
**St. Thomas Koodarayogam**

പുറ 40:17-29, 34-38
ദൈവസാന്നിദ്ധ്യം നിറഞ്ഞു
നില്ക്കുന്ന സമാഗമകൂടാരം.

ഏശ 6:1-8
മഹത്വപൂരിത ദൈവാലയം,
വിശുദ്ധീകരണ വേദി.

1 കോറി 13:1-13
സ്നേഹം സർവ്വോൽകൃഷ്ട വരം.

മത്താ 16:13-19
വിശ്വാസമാകുന്ന പാറമേൽ
പണിയപ്പെട്ട സഭ.

## CONTACT INFORMATION

Fr. Siju Mudakodil (Vicar): (210)630 2295
Fr. Anish Maveliputhenpura (Asst. Vicar): 773 423 7292
Sr. Shalom S.V.M (Parish Secratry): (626)247-0340
Sabu Kattapuram(Trustee Cordinator): (847) 791 1452
Lukose Poozhikunnel (Trustee) : (708)917 9989
George Mattathilparambil (Trustee): (847)606 1642
Binu Poothurayil (Trustee): (847)644 9869
Nibin Vettikkattil (Youth Trustee): (773)934 3535
James Mannakulathil (Accountant): (312)622 3326
Sunny Meledam (Secratary): (773)550 1995
Anil Mattathikunnel (P.R.O): (773)280 3632
Saji Poothrukayil (DRE): (847) 293 9409
Maneesh Kaimoolayil (Asst. DRE): (773)550 6328
Peter Kulangara(Funeral Cordinator): (847)951 4476
Visitation Convent: (847) 603 8881

## MARK YOUR CALENDER

11/2: Celebration of All Saints Day

11/21: Presentation of Bl. Virgin Mary

11/23: Feast of Christ the King

11/27: Thanksgiving Day

11/28 - 11/30: 40 hour Adoration.

11/30: Feast of St. Andrew the Apostle

12/1: 25 Days of Fast Begins

12/8: Feast of the Immaculate Conception

12/12, 13, 14: Retreat by Fr. Joseph Puthenpurackal OFM. Cap

# CALLED TO HOLINESS: UNDERSTANDING THE SAINTS AND THE MEANING OF ALL SAINTS' DAY



**Who Are the Saints?**

In the Catholic Church, there are thousands of officially canonized saints. All of them are exemplary models whom the Church presents to us as guides in following Jesus. After long years of prayer, investigation, and discernment, the Church declares them as models to imitate and powerful intercessors for the faithful.

The Church has also designated particular saints as patrons and protectors of people in various walks of life. For example, St. Vitus is the patron saint of those who suffer from sleeplessness, and St. Joseph of Cupertino is the patron of air travelers. Though each saint has an individual feast day, on November 1st the Church celebrates the Solemnity of All Saints, honoring the communion of all holy men and women—those living and those who have gone before us in faith.

**A Little History**

There is evidence that from the second century onward, Christians honored and venerated saints and martyrs. This is clearly shown in the account of the Martyrdom of St. Polycarp, written in the mid-second century. After his death, the faithful collected his bones, "more precious than gold," and placed them in a suitable location. They would gather there to remember his witness and rejoice in his martyrdom.

The first recorded mention of a feast for all the saints is found in the writings of St. Ephrem.
St. John Chrysostom began the custom of celebrating the Feast of All Saints on the first Sunday after Pentecost in the Eastern Churches—a tradition that continues today. The Western Church at first followed this same date, later moving it to May 13. In the 8th century, Pope Gregory III established November 1st as the permanent date for the feast. Germany was the first Western country to celebrate All Saints' Day on November 1st.

**Is the Feast of All Saints Idol Worship?**

Many Protestant and Pentecostal communities have misunderstood the Catholic veneration of saints, labeling it as idolatry. Some even consider All Saints' Day to be a day of idol worship. However, both Eastern and Western Catholic traditions make a clear theological distinction between: Latria – the adoration given only to God, and Dulia – the veneration or honor given to saints. Among all the saints, the highest veneration is given to the Blessed Virgin Mary, known as Hyperdulia.

If one were to give saints the worship due only to God, that would indeed be idolatry. But honoring the saints and asking their intercession is an integral part of Catholic faith, because we are all united as one body in Christ. Those who are close to Christ in heaven can easily intercede for those who are still on earth.

To remember, honor, and imitate the saints is not only acceptable but deeply meaningful—it strengthens our faith and inspires us to holiness.

**The Call to Holiness in the Modern Church**


On April 9, 2018, Pope Francis issued his third Apostolic Exhortation, Gaudete et Exsultate ("Rejoice and Be Glad"), teaching that holiness is the most beautiful face of the Church. The Church is not beautiful because of outward splendor, but because of the inner holiness of her members. The Holy Father emphasizes that this path to holiness is open to everyone within the Church.

Again, on March 25, 2019, in his Apostolic Exhortation Christus Vivit ("Christ Is Alive"), Pope Francis addressed young people, reminding them of their vocation to holiness. He wrote that every person is called to become holy in his or her own unique way and that all are called to serve others with love. The Pope encouraged young people to remain close to God and to respond actively to their calling.

**The Meaning of the Feast**

If we desire to grow in holiness and become saints ourselves, then the Feast of All Saints gains profound significance for every believer.
It reminds us that holiness is not distant or impossible —it is a daily journey of love, faith, and service, open to all who follow Christ.

# സകല മരിച്ചവരുടെയും തിരുനാൾ ചരിത്രവും പ്രാധാന്യവും




സകല മരിച്ചവരുടെയും തിരുനാൾ കത്തോലിക്കാ സഭയിൽ പരമ്പരാഗതമായി ആചരിച്ചു പോന്നിരുന്നതാണ്. മരിച്ചവർക്ക് ജീവിച്ചിരിക്കുന്നവരുടെ പ്രാർഥന അത്യന്താപേക്ഷിതമാണ്. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർഥനകളും അനുസ്മരണങ്ങളും ആരംഭിച്ചതിന്റെ ചരിത്രം നമുക്കൊന്ന് പരിശോധിക്കാം.

ബെനഡിക്ട് **15**-ാമൻ മാർപാപ്പ **(1914-22)**, സകല മരിച്ചവരുടെയും തിരുനാൾദിനത്തിൽ മൂന്ന് കുർബാനകൾ ചൊല്ലാനുള്ള അനുവാദം വൈദികർക്കു കൊടുത്തത് ഈ ദിനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. ആദ്യ നിയോഗം: മരിച്ചുപോയവർക്കുവേണ്ടി, രണ്ടാമത്: വൈദികന്റെ നിയോഗത്തിന്, മൂന്നാമത്: പരിശുദ്ധ പിതാവിന്റെ നിയോഗത്തിന്.

മരിച്ചുപോയവർക്കുവേണ്ടിയുള്ള പ്രാർഥനകൾക്ക് നൂറ്റാണ്ടുകളുടെ ചരിത്രമുണ്ട്. ഓരോ സംസ്കാരത്തിലും വ്യത്യസ്തരീതികളിൽ മരിച്ചുപോയവർക്കുവേണ്ടിയുള്ള പ്രാർഥനകൾ ആചരിക്കപ്പെട്ടിരുന്നു. ജറുസലേമിലെ വി. സിറിലും വി. ജോൺ ക്രിസോസ്റ്റവുമാണ് മരിച്ചവർക്കുവേണ്ടിയുള്ള പ്രാർഥനകൾ ആദ്യമായി തയ്യാറാക്കിയതെന്നു കരുതപ്പെടുന്നു. കുടുംബങ്ങളിൽനിന്നും മരിച്ചവരെ അനുസ്മരിക്കാനാണ് ഈ പ്രാർഥനകൾ എഴുതപ്പെട്ടത്.

ഒൻപതാം നൂറ്റാണ്ടോടുകൂടി വി. ഒഡിലോ ഓഫ് ക്ലൂണി ആണ് ആദ്യമായി നവംബർ മാസം രണ്ടാം തീയതി മരിച്ചവർക്കുവേണ്ടിയുള്ള പ്രത്യേക ഓർമ്മദിവസമായി ആചരിക്കാൻ ആരംഭിച്ചത്. അദ്ദേഹം ശ്രേഷ്ഠനായിരിക്കെ, തങ്ങളുടെ സമൂഹത്തിൽനിന്ന് മരിച്ചുപോയവരുടെ ആത്മാക്കൾക്കുവേണ്ടി പ്രത്യേകദിനം പ്രാർഥിച്ചുതുടങ്ങിയതാണ് ഈ തിരുനാളിന്റെ ആരംഭം. അതിനു കാരണമായി അദ്ദേഹം മുമ്പോട്ടുവയ്ക്കുന്നത്, ഒന്നാം തീയതി സകല വിശുദ്ധരുടെയും തിരുനാൾദിനമാണ് എന്നതാണ്. കാരണം, വിശുദ്ധരുടെ ജീവിതത്തെ കൂടുതൽ അടുത്തനുകരിക്കാനും മാധ്യസ്ഥ്യം വഹിക്കാനുമുള്ള അവസരമാണിത്. ഇതിനെതുടർന്ന് ബെനഡിക്ടൈൻ, കർത്തൂസിയൻ സമൂഹാംഗങ്ങൾ അവരുടെ ആശ്രമങ്ങളിൽ മരിച്ചവർക്കുവേണ്ടിയുള്ള പ്രാർഥനാദിനം ആചരിച്ചുതുടങ്ങി. പോപ്പ് സിൽവെസ്റ്റർ രണ്ടാമൻ ഇത് അംഗീകരിക്കുകയും പിന്നീട് തിരുസഭയുടെ തിരുനാളായി സകല മരിച്ചവരുടെയും തിരുനാൾ മാറുകയുംചെയ്തു. അങ്ങനെ നവംബർ മാസം രണ്ടാം തീയതി സകല മരിച്ചവരുടെയും തിരുനാൾ സഭയിൽ കൊണ്ടാടുന്നു.

ദൈവത്തിന്റെ അതിരുകളില്ലാത്ത കരുണയെ അനുസ്മരിക്കാനുള്ള ഒരു അവസരവും കൂടിയാണിത്. അതിനാൽ, നമ്മുടെ ജീവിതത്തിൽ ദൈവം വർഷിക്കുന്ന അനുഗ്രഹങ്ങളെ നന്ദിയോടെ ഓർക്കാം. ഒപ്പം മരിച്ചവിശ്വാസികളുടെ ആത്മാക്കൾക്കുവേണ്ടി നമുക്ക് പ്രാർഥിക്കാം.

# പള്ളിക്കൂദാശാക്കാലം ഒന്നാം ഞായർ
# ഈശോയെ പ്രതിഫലിപ്പിക്കുന്നവരാകാം



പള്ളിക്കൂദാശാക്കാലത്തിന്റെ ആദ്യ ആഴ്ചയിലേക്കു നാം പ്രവേശിക്കുമ്പോൾ തിരുസഭാമാതാവ് നമ്മെ ക്ഷണിക്കുന്നത് വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും പാഠങ്ങളെ വിശകലനം ചെയ്യാനാണ്. വി. മത്തായിയുടെ സുവിശേഷം **16**–ാം അധ്യായത്തിലെ, "ഞാൻ ആരാണെന്നാണ് നിങ്ങൾ പറയുന്നത്?" എന്ന ഇശോയുടെ ചോദ്യത്തിനു മറുപടിയായുള്ള പത്രോസ് ശ്ലീഹായുടെ പ്രസിദ്ധമായ വിശ്വാസപ്രഖ്യാപനവും തുടർന്ന് ശ്ലീഹായാകുന്ന പാറമേൽ സഭയെ പണിതുയർത്തുമെന്ന ഈശോയുടെ വാഗ്ദാനവും ഉൾക്കൊള്ളുന്നതാണ് ഇന്നത്തെ വചനഭാഗം.

വിശ്വാസവും സ്നേഹവുമാണ് ഒരാളെ ദൈവത്തിലേക്ക് അടുപ്പിക്കുന്ന മാനദണ്ഡം. പത്രോസ് ശ്ലീഹായ്ക്ക് ഈശോയിലുണ്ടായിരുന്ന അടിയുറച്ച സ്നേഹവും വിശ്വാസവും, ഈശോ ആരാണെന്ന് തിരിച്ചറിയാനും ഏറ്റുപറയാനും അദ്ദേഹത്തെ സഹായിച്ചു.

ഇന്നത്തെ വചനഭാഗം നമ്മുടെ വിചിന്തനത്തിനായി നൽകുന്ന രണ്ട് പ്രധാനപ്പെട്ട ചോദ്യങ്ങളുണ്ട്. ഒന്ന്, ഈശോ എന്റെ ജീവിതത്തിൽ ആരാണ്? ഒരു യഥാർഥ ക്രിസ്തുശിഷ്യന്റെ ജീവിതത്തിൽ ക്രിസ്തു സർവവുമാണ്. മത്തായി സുവിശേഷകൻ ഈ സംഭവം വിവരിക്കുന്നതിന് ഒരു പശ്ചാത്തലമുണ്ട്. മത്തായി **15**-ാം അധ്യായം അവസാനിപ്പിക്കുന്നത് ഏഴപ്പം നാലായിരം പേർക്ക് വിഭജിച്ചുനൽകുന്ന സംഭവത്തിലാണ്. **15**-ാം അധ്യായത്തിൽ ഒട്ടനവധി അദ്ഭുതങ്ങളും അടയാളങ്ങളും ഈശോ പ്രവർത്തിക്കുന്നുണ്ട്. ഈ അദ്ഭുതങ്ങളും അടയാളങ്ങളും കണ്ടിട്ടും വിശ്വസിക്കാത്ത ഫരിസേയരുടെയും സദുക്കായരുടെയും വിശ്വാസരാഹിത്യത്തെ സൂക്ഷിക്കണം എന്ന് ഈശോ ശിഷ്യരെ ഉപദേശിക്കുന്നിടത്താണ് **16**-ാം അധ്യായം ആരംഭിക്കുന്നത്. അപ്പോൾ അവർ വഞ്ചിയിലായിരുന്നു.

ഈ യാത്ര അവസാനിക്കുന്നത് കേസറിയ ഫിലിപ്പിയിലാണ്. വ്യാജദേവന്മാരും വിഗ്രഹാരാധനകളും നിറഞ്ഞ ആ പ്രദേശത്തുവച്ചാണ് ഈശോ, "ഞാൻ ആരാണെന്നാണ് നിങ്ങൾ പറയുന്നത്?" എന്ന ചോദ്യം ചോദിക്കുന്നത്. വിശ്വാസത്തിന്റെ കണ്ണ് കൊണ്ടു നോക്കിയാണ് പത്രോസ് വിശ്വാസപ്രഖ്യാപനം നടത്തുന്നത്. പത്രോസ് ശ്ലീഹായ്ക്ക് ഈശോ തന്റെ ജീവിതത്തിൽ ആരായിരുന്നു എന്ന ഉറച്ച ബോധ്യമുണ്ടായിരുന്നു.

ഇന്നത്തെ വചനഭാഗം നമ്മെ ആത്യന്തികമായി ക്ഷണിക്കുന്നതും നമ്മുടെ ജീവിതത്തിൽ ക്രിസ്തുആരാണെന്ന് തിരിച്ചറിയാനാണ്. സമ്പത്തിന്റെയും സുഖലോലുപതയുടെയും ഉന്നതിയിൽ ജീവിച്ച ഫ്രാൻസിസ് അസ്സീസിയെ 'രണ്ടാമത്തെ ക്രിസ്തു' ആക്കി രൂപാന്തരപ്പെടുത്തിയത്, ഈശോ തന്റെ ജീവിതത്തിലാരാണ് എന്ന് തിരിച്ചറിഞ്ഞപ്പോഴാണ്. കുഷ്ഠരോഗികൾക്കിടയിൽ പ്രവർത്തിച്ച്, അവസാനം മൊളോക്കാ ദ്വീപിന്റെ മണ്ണിൽ കുഷ്ഠം ബാധിച്ചു മരണമടഞ്ഞ ഫാ. ഡാമിയനും ക്രിസ്തു തന്റെ ജീവിതത്തിൽ എല്ലാമാണെന്നു തിരിച്ചറിഞ്ഞ വ്യക്തിയാണ്.

ചരിത്രത്തിലുടനീളം ഇപ്രകാരം ക്രിസ്തുവിനെ തിരിച്ചറിഞ്ഞ ഇങ്ങനെയുള്ള വിശുദ്ധാത്മാക്കളെ കാണാനാവും. നമ്മുടെ ജീവിതത്തിൽ ക്രിസ്തു ആരാണെന്ന് നമുക്ക് തിരിച്ചറിയാം. അപ്രകാരം വിശ്വാസം നിറഞ്ഞ തിരിച്ചറിവിന്റെ ജീവിതം നയിക്കാൻ നമുക്കാവട്ടെ. വിശ്വാസത്തിന്റെ അളവുകോൽ ക്രിസ്തുവിനോടുള്ള നമ്മുടെ സ്നേഹത്തിന്റെ ആഴമാണ്.

ഇന്നത്തെ സുവിശേഷഭാഗം വിചിന്തനത്തിനായി നൽകുന്ന രണ്ടാമത്തെ ചോദ്യം, എന്റെ ജീവിതത്തിൽ ക്രിസ്തുവിനെ എത്രമാത്രം പ്രതിഫലിപ്പിക്കാൻ എനിക്ക് സാധിക്കുന്നുണ്ട്?

ഇന്നത്തെ ലേഖനഭാഗത്തിൽ പൗലോസ് ശ്ലീഹാ കൊറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനത്തിന്റെ **13**-ാം അധ്യായത്തിൽ സ്നേഹത്തെക്കുറിച്ചു പറയുന്നതും ചേർത്ത് നാം ഈ ചോദ്യത്തെ മനസ്സിലാക്കണം. യോഹന്നാൻ ശ്ലീഹായുടെ സുവിശേഷം **13**-ാം അധ്യായം **35**-ാം വാക്യത്തിൽ നാം ഇപ്രകാരം വായിക്കുന്നുണ്ട്: "പരസ്പരം സ്നേഹിക്കുകവഴി നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് എല്ലാവരും അറിയും" എന്ന്. സ്നേഹമാണ് ദൈവത്തിന്റെ രൂപം. പരസ്പരം സ്നേഹിക്കുമ്പോൾ ദൈവത്തെ ജീവിതത്തിൽ പകർന്നുകൊടുക്കാൻ നമുക്കു സാധിക്കുന്നു.

വിശ്വാസത്തിന്റെ കാഴ്ച നേടി ഈശോ നമ്മുടെ ജീവിതത്തിൽ ആരാണെന്നു തിരിച്ചറിയാനും ജീവിതത്തിൽ ക്രിസ്തുവിനെ പ്രതിഫലിപ്പിക്കാനും നമ്മെ സഹായിക്കുന്നത് ദിവ്യകാരുണ്യമാണ്. ദിവ്യകാരുണ്യത്തിൽ നമ്മുടെ ഹൃദയത്തിലേക്കിറങ്ങിവന്ന്, ക്രിസ്തുവിലേക്ക് നമ്മെ രൂപാന്തരപ്പെടുത്തുകയും, അതുവഴി ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുകയും ചെയ്യുന്ന ചാലകശക്തിയാണ് ദിവ്യകാരുണ്യം. ഈ ദിവ്യകാരുണ്യത്തിൽ നിന്നും ഊർജവും ശക്തിയും നേടി, ജീവിതത്തെ ക്രമപ്പെടുത്താനും ക്രിസ്തുവിനെ ഏറ്റുപറയാനും പ്രതിഫലിപ്പിക്കാനും നമുക്കു സാധിക്കട്ടെ.

# REFLECTION FOR THE FIRST WEEK
## OF THE SEASON OF DEDICATION OF THE CHURCH



As we enter the first week of the Season of the Dedication of the Church, the Holy Mother Church invites us to meditate on the lessons of faith and love.

Today's Gospel passage, from Matthew 16, includes the well-known moment when Jesus asks His disciples, "Who do you say that I am?" and Peter responds with his famous profession of faith, followed by Jesus' promise to build His Church upon this rock.

Faith and love are the two measures that draw a person closer to God. It was Peter's steadfast faith and deep love for Jesus that enabled him to recognize and proclaim who Jesus truly was.

**"Who is Jesus in My Life?"**

Today's Gospel presents us with two key questions for reflection. The first: Who is Jesus in my life? For a true disciple of Christ, Christ is everything.

Matthew gives this event a very meaningful background. Chapter 15 ends with the miracle of Jesus feeding four thousand people with seven loaves of bread. Throughout that chapter, Jesus performs many miracles and signs. Yet, despite witnessing all these wonders, the Pharisees and Sadducees refused to believe. It is right after warning His disciples about this lack of faith that Chapter 16 begins—while they were traveling by boat.

That journey ends at Caesarea Philippi, a region filled with pagan temples and idols. It is there that Jesus asks His disciples, "Who do you say that I am?" Peter answers not with human reasoning but with eyes of faith, declaring Jesus as the Christ, the Son of the living God. Peter knew with conviction who Jesus was in his life.

Today's Gospel calls each of us to the same recognition—to understand deeply who Christ is for us personally. It was this recognition that transformed St. Francis of Assisi—a man once surrounded by luxury and worldly pleasure—into what history calls a "second Christ." Likewise, Fr. Damien of Molokai, who served among lepers and eventually died of leprosy himself, was a man who realized that Christ was everything in his life.

Throughout history, countless holy men and women have discovered Christ in this same personal way. May we too come to know who Christ truly is in our own lives, and may that realization lead us to a life of faith-filled conviction. The depth of our faith is measured by the depth of our love for Christ.

**How Much Do I Reflect Christ in My Life?**

The second question this Gospel invites us to ponder is: How much am I able to reflect Christ in my daily life? This question becomes clearer when read alongside St. Paul's First Letter to the Corinthians, Chapter 13, where he writes about love.

And in John 13:35, Jesus says:
"By this everyone will know that you are my disciples, if you love one another."

**Love is the very image of God.**

When we love one another, we make God visible in our lives. In today's Gospel, Jesus gives Peter the keys to the kingdom of heaven—the authority to bind and loose—so that he may continue reflecting God's presence in the world.

**The Eucharist: Source of Strength and Transformation**

It is the Holy Eucharist that helps us recognize who Jesus is in our lives and empowers us to reflect Him in our words and actions. Through the Eucharist, Christ enters our hearts, transforms us into His likeness, and strengthens us to bear witness to Him.

May we draw grace and strength from this divine mystery, so that we may live ordered lives rooted in faith, boldly proclaim Christ, and radiate His presence to the world.

# പള്ളിക്കുദാശക്കാലം (കുദാശ് ഏത്ത)

# THE SEASON OF THE DEDICATION OF THE CHURCH




ആരാധനാവത്സരത്തിലെ അവസാനത്തെ നാല് ആഴ്ചകളാണ് പള്ളിക്കുദാശക്കാലം. 'പള്ളിക്കുദാശ' എന്നാൽ 'സഭയുടെ പ്രതിഷ്ഠ' എന്നാണർഥം. പഴയനിയമത്തിലെ നാല് വിശുദ്ധാലയ പ്രതിഷ്ഠകളുടെ (പുറ. **40: 1-17,** ജോഷ്വാ **18: 1, 1** രാജാ **8: 62-66,** എസ്രാ. **3:2)** അടിസ്ഥാനത്തിലാണ് ഈ കാലം നാല് ആഴ്ചകളായി ക്രമീകരിച്ചിരിക്കുന്നത്. സഭയുടെ യുഗാന്തോന്മുഖമായ വിജയത്തെയും അവളുടെ സ്വർഗീയ ഓർശ്ലേമിലേക്കുള്ള പ്രവേശനത്തെയും ഈ കാലം സൂചിപ്പിക്കുന്നു.

മിശിഹാ തന്റെ മണവാട്ടിയായ സഭയെ അലംകൃതയാക്കുന്നതിന്റെ ലാവണ്യമാണ് ഈ കാലത്തെ പ്രാർഥനകളിലും വായനകളിലും ഗീതങ്ങളിലും നിറഞ്ഞുതുളുമ്പുന്നത്. മണവാളനായ മിശിഹായെ, മണവാട്ടിയായ സഭ അവളുടെ മക്കളോടൊപ്പം സ്വർഗീയ ഓർശ്ലേമാകുന്ന മണവറയിൽവച്ച് യുഗാന്തത്തിൽ മുഖാമുഖം ദർശിക്കുകയും മണവാളനോടൊപ്പം മഹത്വീകൃതയായി നിത്യസൗഭാഗ്യത്തിലേക്ക് അവൾ പ്രവേശിക്കുകയും ചെയ്യുന്നതാണ് പള്ളിക്കുദാശക്കാലത്തിൽ അനുസ്മരിക്കുന്നത്.

ഇസ്രായേലിലെ സമാഗമകൂടാരം സഭയുടെ പ്രതീകമാണ്. ഇസ്രായേൽജനം മനുഷ്യനിർമിതമായ സമാഗമ കൂടാരത്തിൽ ദൈവസാന്നിധ്യം അനുഭവിച്ചു. മിശിഹായിൽ ദൈവത്തെ കണ്ടെത്തുകയും വിവേകമതികളായ കന്യകമാരെപ്പോലെ ഒരുങ്ങിയിരിക്കുകയും ചെയ്യുന്നവർക്ക്, ഹസ്തനിർമിതമല്ലാത്ത സ്വർഗീയ മണവറയിൽ, ശാശ്വതമായ സമാഗമ കൂടാരത്തിൽ മിശിഹായോടൊപ്പം പ്രവേശിക്കാനാകും. മണവാളനായ മിശിഹാ മണവാട്ടിയായ സഭയെ താൽക്കാലിക കൂടാരത്തിലേക്കല്ല, അനശ്വരമായ സ്വർഗീയ മണവറയിലേക്കാണ് ആനയിക്കുന്നത്.

'ഇവിടെ നമുക്ക് നിലനിൽക്കുന്ന പട്ടണമില്ല' എന്ന അവബോധത്തിൽ, സ്വർഗത്തിൽ പേരെഴുതപ്പെടാൻ തക്കവിധം ജീവിക്കാനും അതിൽ സന്തോഷിക്കാനുമാണ് സഭ നമ്മോട് ആവശ്യപ്പെടുന്നത്. കർത്താവും കുഞ്ഞാടുമാണ് സ്വർഗത്തിലെ ദൈവാലയം എന്ന ഉൾക്കാഴ്ച നല്കിക്കൊണ്ട് സ്വർഗത്തിൽ നടത്തപ്പെടുന്ന ആത്മാവിലും സത്യത്തിലുമുള്ള ആരാധനയിലേക്ക് സഭാമാതാവ് വിശ്വാസികളെ ക്ഷണിക്കുന്നു.

മിശിഹായുടെ മനുഷ്യാവതാര രഹസ്യത്തിൽ പങ്കുചേർന്നുകൊണ്ട് ദൈവജനം ആരംഭിക്കുന്ന വിശ്വാസതീർഥാടനം തിരുസഭയുടെ സ്വർഗീയ മഹത്വരഹസ്യത്തിൽ പൂർത്തിയാകുംവിധമാണ് ആരാധനാവത്സരം സംവിധാനം ചെയ്തിരിക്കുന്നത്.

The Season of the Dedication of the Church comprises the last four weeks of the liturgical year. The term "Pallikkoodasha" literally means "the consecration of the Church." This season is patterned after the four consecrations of sanctuaries found in the Old Testament (Exodus 40:1–17; Joshua 18:1; 1 Kings 8:62–66; Ezra 3:2). It symbolizes the final triumph of the Church and her entry into the heavenly Jerusalem.

**The Bride Adorned for Her Bridegroom**

The prayers, readings, and hymns of this season overflow with the image of the Church as the Bride, beautifully adorned and prepared to meet Christ the Bridegroom. At the end of time, the Bride—the Church, together with her children—will behold her Bridegroom face to face in the heavenly Jerusalem, the eternal bridal chamber. There, united with Christ, she will share in His glory and enter into everlasting blessedness.

**The Tabernacle as the Symbol of the Church**

The Tabernacle of Israel prefigured the Church. The people of Israel experienced God's presence in a human-made dwelling, the meeting tent. In Christ, humanity encounters the living God Himself. Those who, like the wise virgins of the Gospel, remain prepared and vigilant will one day enter with the Messiah into the eternal tabernacle not made by human hands—the heavenly bridal chamber.

The Bridegroom does not lead His Bride to a temporary earthly tent, but to the everlasting dwelling of heaven where divine union is complete.

**Living for the Heavenly City**

The Church reminds her children: "We have here no lasting city, but we seek the one that is to come." With this awareness, we are called to live so that our names may be written in heaven and to rejoice in that hope. The Lord and the Lamb are themselves the temple of heaven, and the Church, our Mother, invites the faithful to join in that worship in spirit and in truth which is eternally celebrated in heaven.

**The Journey from Incarnation to Glory**

The liturgical year is arranged so that the faith journey of God's people—which begins by sharing in the mystery of Christ's Incarnation—finds its completion in the heavenly glory of the Church. Thus, the Season of the Dedication of the Church stands as a reminder of the Church's final destiny: to be perfected, glorified, and eternally united with her Bridegroom, Christ the Lord.

**ST.MARY'S KNANAYA CATHOLIC CHURCH,**
**CHICAGO CML UNIT**
**OCTOBER 26TH SUNDAY 11:40AM HOLYQURBANA LED BY**
**CML ST. MOTHER THERESA GROUP**








## Holy Childhood Ministry Inauguration



# ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കാതോലിക്കായ് ഇടവകയിൽ വിശ്രുദ്ധാ യൂദാസ് തദ്ദേവൂസിന്റെ തിരുനാൾ ആഘോഷിച്ചു.






ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ഇടവകയിൽ വിശ്രുദ്ധാ യൂദാസ് തിരുനാൾ ആഘോഷിച്ചു. ഒക്ടോബർ 22 ന് ആരംഭിച്ച , 9 ദിവസം നീണ്ടുനിന്ന നൊവേനയ്ക്ക് ശേഷം , ഒക്ടോബർ 30 വ്യാഴാഴ്ചയാണ് ആഘോഷപൂർവ്വമായ തിരുനാൾ കൊണ്ടാടിയത്. 25 ഓളം ഇടവകാംഗങ്ങൾ പ്രസുദേന്തിമാരായിരുന്ന തിരുനാളിന് മുഖ്യ കാർമികത്വം വഹിച്ചത് ചിക്കാഗോ തിരുഹൃദയ കത്തോലിക്കാ ഫൊറോനാ ഇടവകവികാരി ഫാ. എബ്രഹാം കളരിക്കലായിരുന്നു. അസാധ്യകാര്യങ്ങളുടെ മധ്യസ്ഥനായ വിശ്രുദ്ധാ യൂദാസ് തദ്ദേവൂസിന്റെ തിരുനാളിന്റെയും ഭക്തിയുടെയും ചരിത്രം അദ്ദേഹം തന്റെ പ്രസംഗത്തിൽ വിവരിക്കുകയും, വിശ്രുദ്ധനോടുള്ള ഭക്തി ഏറെ പ്രാധാന്യത്തോടെ വർഷങ്ങളായി പരിപാലിച്ചുപോരുന്ന സെന്റ് മേരീസ് ഇടവകയെ പ്രശംസിക്കുകയും ചെയ്തു.

തിരുനാളിനൊരുക്കമായി ഒന്പത് ദിവസങ്ങളിലായി രാവിലെയും വൈകിട്ടുമായി വിശ്രുദ്ധ കുർബ്ബാനകളോട് ചേർന്ന് നടത്തപ്പെട്ട നൊവേനകൾ. ഓരോ ദിവസവും പൊതുവായുള്ള പ്രത്യേക നിയോഗങ്ങൾ സമർപ്പിച്ചുകൊണ്ടാണ് നടത്തപ്പെട്ടത്. വികാരി. ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തെൻപുര, ഇടവക സെക്രട്ടറി സിസ്റ്റർ ഷാലോം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ്ജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ടിൽ എന്നിവർ തിരുനാളിന്റെ ഒരുക്കങ്ങൾക്കും നടത്തിപ്പിനും നേതൃത്വം നൽകി.

# Save The Date !!!

St.Mary's Knanaya
Catholic Church
Holy Childhood
Ministry Presents

# Jingle Bell Bash

**On Saturday**
**December 6th**

Registration opens soon..

# 40 HOUR ADORATION

## ST. MARY'S KNANAYA CATHOLIC PARISH OF CHICAGO



## NOVEMBER
## 28, 29 & 30

www.smkcparish.us

Prepare to Welcome Baby Jesus

# Christmas Retreat

## December 12, 13 & 14



Lead by
Fr. Joseph Puthenpurackal OFM.Cap
St. Mary's Knanaya Catholic
Parish of Chicago



# Chicago Ecumenical
# SUNDAY SCHOOL
# FEST - 2025

REGISTRATION RE-OPENED : UNTIL OCT 26



You shall love the LORD your God with all your heart and with all your soul and with all your might.

*Deuteronomy 6:5*



**SATURDAY, NOVEMBER 1, 2025**

Time: 9 am to 5 pm

Venue: Sacred Heart Knanaya Catholic Forane Church

145 E Grand Ave, Bensenville, IL 60106.

**St. Mary's Knanaya Catholic Church**, Chicago

**CML**




**An inspiring initiative by CML Unit inviting children and families to celebrate their birthdays by sharing their joy and offering a prayer for less fortunate children.**

***It is more blessed to give than to receive.***
*(Acts 20:35)*

**Bring smiles ! Add Cheer ! Let your birthday be a blessing to others!**